പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1829 12.06.2019-ലെ മറുപടിക്ക്

**തൊടുപുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോ നിർമ്മാണം**

ചോദ്യം

ശ്രീ.പി.ജെ.ജോസഫ്

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തൊടുപുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നിർമ്മാണം നിലച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോഴും നടന്നു വരുന്നു. |
| (ബി) | അവശേഷിക്കുന്ന നിർമ്മാണപ്രവൃത്തികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (ബി) | Fire Fighting System സ്ഥാപിക്കുന്ന പ്രവൃത്തി, Sewage Treatment Plant നിർമ്മാണം, വൈദ്യുതീകരണ പ്രവൃത്തികൾ എന്നിവയുടെ പൂർത്തീകരണം, ഓഫീസ് പ്രവർത്തനത്തിനു വേണ്ട സൗകര്യങ്ങൾ ഒരുക്കുന്ന പ്രവൃത്തി എന്നിവ അവശേഷിക്കുന്നുണ്ട്. |
| (സി) | പ്രസ്തുത ഡിപ്പോയോടനുബന്ധിച്ചുള്ള കടമുറികൾ ലേലം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | തൊടുപുഴ വാണിജ്യ സമുച്ചയത്തിലെ 10 കടമുറികൾ ലേലം / ടെണ്ടർ നടപടിയിലൂടെ വ്യക്തികൾക്ക് അനുവദിച്ചിട്ടുണ്ട്. 1,32,56,669/- രൂപ (ഒരു കോടി മുപ്പത്തിരണ്ട് ലക്ഷത്തി അമ്പത്താറായിരത്തി അറുനൂറ്റി അറുപത്തി ഒൻപത് രൂപ മാത്രം) പലിശ രഹിത നിക്ഷേപ തുക ഇനത്തിൽ പ്രസ്തുത വ്യക്തികൾ വാഗ്ദാനം ചെയ്തിട്ടുണ്ട്. ആയതിൽ 91,65,002/- രൂപ (തൊണ്ണൂറ്റിയൊന്നു ലക്ഷത്തി അറുപത്തയ്യായിരത്തി രണ്ട് രൂപ മാത്രം) വ്യക്തികളിൽ നിന്നും ശേഖരിച്ചിട്ടുണ്ട്. |
| (ഡി) | സമയബന്ധിതമായി നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ഡി) | നിലവിൽ കെ.എസ്.ആർ.ടി.സി യുടെ സാമ്പത്തിക പരാധീനത മൂലം പ്രവൃത്തി പൂർത്തീകരിയ്ക്കാൻ ആവശ്യമായ ഫണ്ട് ലഭ്യമല്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയൂ. |

**സെക്ഷൻ ഓഫീസർ**